# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1701** **18.06.2012-ലെ മറുപടിക്ക്**

**<u>പുത്തൻ തലമുറ ബാങ്കുകളിൽ സർക്കാർ അക്കൗണ്ടുകളും നിക്ഷേപങ്ങളും</u>**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. സാജു പോൾ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

<table>
<tr><td>(എ.)</td><td>സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ട്രഷറി അക്കൗണ്ടുകളും നിക്ഷേപങ്ങളും പുത്തൻതലമുറ ബാങ്കുകളിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;</td><td rowspan="3">കേന്ദ്രസർക്കാരിന് റിസർവ് ബാങ്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും തനത് ഫണ്ടുകൾ പ്രൈവറ്റ് ബാങ്കുകളായ ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവ മുഖേന ഇടപാടുകൾ നടത്തുന്നത് അനുവദിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ബാങ്കു നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാനപങ്ങൾക്കും അവരുടെ തനത് ഫണ്ടുകൾ സർക്കാർ ഗ്രാന്റുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവയുടെ സേവനം കൂടി ഉപയോഗപ്പെടുത്താമെന്ന് സംസ്ഥാന സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 15.09.2011 ൽ അനുമതി നൽകിയിരുന്നതും അതിന്റെ കാരണങ്ങൾ നിയമസഭയിൽ വിശദമാക്കിയിരുന്നതുമാണ്. സർക്കാർ വകുപ്പുകൾക്ക് ഈ സൗകര്യം അനുവദിച്ചിട്ടില്ല.</td></tr>
<tr><td>(ബി.)</td><td>സാമൂഹ്യ പ്രതിബദ്ധതയുള്ള പൊതുമേഖലാ ബാങ്കുകളേയും ട്രഷറിയെയും ഒഴിവാക്കി സ്വകാര്യ ബാങ്കുകളെ സഹായിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;</td></tr>
<tr><td>(സി.)</td><td>സർക്കാർ നടത്തിയ ഏതെങ്കിലും വിദഗ്ദ്ധ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനങ്ങൾ കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ ;</td></tr>
<tr><td>(ഡി.)</td><td>ട്രഷറി സ്ഥിരനിക്ഷേപം പൂർണ്ണമായോ ഭാഗികമായോ നിർത്തലാക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;</td><td>ഇല്ല.</td></tr>
<tr><td>(ഇ.)</td><td>ഐ.സി.ഐ.സി.ഐ, എച്ച്.ഡി.എഫ്.സി തുടങ്ങിയ പുത്തൻ തലമുറ ബാങ്കുകളിൽ സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും എടുത്ത അക്കൗണ്ടുകളും നിക്ഷേപങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; നിക്ഷേപങ്ങൾ സംബന്ധിച്ച് ഇതിനകം സർക്കാർ ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?</td><td>പുത്തൻതലമുറ ബാങ്കുകളിൽ സർക്കാർ വകുപ്പുകൾ അക്കൗണ്ടുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചുവരുന്നു. 15.09.2011 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 7013/2011/ധന അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Banking arrangement in Autonomous/Statutory bodies -Availing banking services from Private Sector Banks - Orders issued.

**FINANCE (SECRET SECTION) DEPARTMENT**

**G.O. (Rt) No. 7013/2011/Fin.** **Thiruvananthapuram, Dated, 15.09.2011.**

*Read:-* 1. *Office Memorandum No. S - 11012 / S (1) / Bank / Ref.care / 2010 / RBD / 2056 - 2135 dated 07.03.2011 of Department of Expenditure, Ministry of Finance, Government of India.*

2. *Letter dated 19.7.11, from HDFC Bank Ltd, Retail Branch Banking, Thiruvananthapuram*

## ORDER

In consideration of requests from various Private Sector Banks, Government of India has vide the Office Memorandum read as 1st paper above, clarified that the autonomous/statutory bodies under its various departments can also avail of banking services from any of the three Private Sector Banks namely ICICI Bank, HDFC Bank and Axis Bank for meeting their banking requirements.

2. The HDFC Bank has approached the State Government vide its letter 2nd read above, expressing its interest for providing banking services to the State Government organisations and has requested empanelment of the Bank for Government business.

3. Government having examined the matter in the light of the instructions issued by Ministry of Finance, Government of India vide the Office Memorandum read above, order that Autonomous/Statutory bodies under the State Government can avail of banking services from the three Private Sector Banks namely ICICI Bank, HDFC Bank and Axis Bank for meeting their banking requirements including handling of transactions pertaining to Government grants and funds generated by them from their own resources. Economy of service, trustworthiness and quality of service provided should be the prime considerations while opting for banking facility from these Banks. The institutions/bodies availing of the services of these Private Banks should follow these criteria scrupulously.

By the Order of the Governor,

**Dr. A.K. DUBEY**
**PRINCIPAL SECRETARY (FINANCE).**

To

The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram (with C/L).
The Principal Secretary, Finance Department, Thiruvananthapuram.
The Manager, HDFC Bank, Thiruvananthapuram.
All Heads of Autonomous/Statutory bodies.
The Stock File/Office Copy.

Forwarded by Order,

Section Officer